കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി6-988/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com
തീയതി: 22.07.2017

ഡെപ്യൂട്ടി ഡയറക്ടർ
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമപ്പഞ്ചായത്ത്
.

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപ്പഞ്ചായത്ത്- 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,
.
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി6-988/2017 തീയതി: 22.07.2017

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.17 മുതൽ<br>15.07.17 വരെ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപാ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

പ്രൊഫ.വി.വാസുദേവൻ. 01.04.2016 മുതൽ 31.03.2017 വരെ

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീമതി.ശുഭാദേവി.എസ്സ് | 1-4-2016മുതൽ 15.02.17വരെ |
| 2. | ശ്രീമതി.സബീന.എസ്സ് (സെക്രട്ടറി ഇൻ ചാർജ്ജ്.) | 16.02.17മുതൽ 31-3-2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ഷാനിദാബീവി. | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബീന. | 1-4-2016 മുതൽ 13.09.2016 വരെ |
| | | ഡോ.എസ്.ജെ.ലേഖ. | 13.09.2016മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ശ്രീകുമാരി.പി. | 01.04.2016 മുതൽ 30.06.2016 വരെ |
| | | ശ്രീമതി.ഗംഗാഭായി. | 01.07.16 മുതൽ 12.07.2016 വരെ |
| | | ശ്രീമതി.രഞ്ജുരാധാകൃഷ്ണൻ. | 13.07.16 മുതൽ 18.09.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ദിവ്യജയറാംദാസ് | 01.04.2016 മുതൽ 06.01.2017 വരെ |
| | | ഡോ.സ്മിത.ജി. | 07.01.2017മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റസീന. | 01.04.2016 മുതൽ 18.08.2016 വരെ |
| | | ഡോ.നൈസിഖാൻ. | 18.08.2016മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബോബൻ.ജെ. | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | പ്രധാനാദ്ധ്യാപകൻ. ഗവ.മോഡൽ യു.പി.എസ്, പള്ളിക്കൽ. | ശ്രീ.രഘുനാഥകുറുപ്പ്. | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സബീന.എസ്സ് | 01.04.2016 മുതൽ 31.03.2016 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഷൈലജ. | 01.04.2016 മുതൽ 31-3-2017വരെ |
| 12 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ലക്ഷ്മി.സി.എസ്സ്. | 01.04.2016 മുതൽ 25-8-2016വരെ |
| | | ശ്രീ.വിനുരാജ്. | 26.08.16 മുതൽ 22.09.16 വരെ. |
| | | ശ്രീ.ബിനോദ്.ജെ. | 23.09.16 മുതൽ 12.10.16 വരെ. |

| | | |
|---|---|---|
| | | 16.11.16 മുതൽ 04.12.16 വരെ. |
| | ശ്രീമതി.ജിജി.v.v. | 13.10.16 മുതൽ 15-11-2016 വരെ |
| | ശ്രീ.സാജ്.എം. | 05.12.16 മുതൽ 31-03-2017 വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-10 വരെ |
| | ഭാഗം 2 | |
| 2 | വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് – നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല, അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല | 2-1 |
| 3 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല – 15,09,823/-രൂപ കുടിശ്ശിക | 2-2 |
| 4 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 5 | വാടക-നടപടിക്രമങ്ങളിൽ വീഴ്ച | 2-4 |
| 6 | ഇ-ടെണ്ടർ ഫോറ വില ഈടാക്കിയില്ല; കണക്കില്ല | 2-5 |
| 7 | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 2-6 |
| | ഭാഗം 3 | |
| 8 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക നിക്ഷേപിച്ച് നാല് വർഷമായിട്ടും നടപടിയില്ല | 3-1 |
| 9 | കറണ്ട് ചാർജ്ജ് – വൻ ചെലവ് | 3-2 |
| 10 | പൊതുജന സൗകര്യങ്ങൾ സജ്ജീകരിക്കാതെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ | 3-3 |
| 11 | മാലിന്യ സംസ്കരണ പരിപാടികൾ – അംഗീകാരം നേടിയശേഷം നടപ്പാക്കാതെ പോകുന്നു | 3-4 |
| 12 | സംയോജിത ക്ഷീര വികസനം-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി | 3-5 |
| 13 | പണം അടച്ചെങ്കിലും മരുന്ന് കിട്ടിയില്ല | 3-6 |
| 14 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേരുന്നില്ല | 3-7 |
| 15 | നിക്ഷേപമായി ഗുണഭോക്തൃവിഹിതം | 3-8 |
| 16 | ദേശീയ ഉദ്ഗ്രഥന ദിനം ആചരിച്ചു – സർക്കാർ ഉത്തരവില്ലാതെ | 3-9 |

| | | |
|---|---|---|
| 17 | ഒ.ഡി.എഫ്. പദ്ധതി – ശുചിത്വമിഷൻ ഫണ്ട് പൂർണ്ണമായി ലഭിച്ചില്ല | 3-10 |
| 18 | തൊഴിലുറപ്പ്: സാധനഘടകത്തിന് ആദായനികുതി ഈടാക്കിയില്ല | 3-11 |
| 19 | ചെലവ് കോടികൾ; കാർഷിക പദ്ധതികൾ പാഴാവുന്നു | 3-12 |
| 20 | ഓഡിറ്റ് ഇംപാക്ട് | 3-13 |
| | ഭാഗം 4 | |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| | അനുബന്ധം | |
| 22 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16 ലെ 1)ം നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 10.02.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 167175484/- | 165740592/- |
| വാർഷികകണക്കുപ്രകാരം | 61705655/- | 54243661/- |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7892443/- |
| വരവ് | 61705655/- |
| ആകെ | 6959808/- |
| ചെലവ് | 54243661/- |
| നീക്കിയിരിപ്പ് | 15354437/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16144338 | 10415704 | 64.52 |
| വികസനഫണ്ട് എസ്.സി.പി. | 11209035 | 7993744 | 71.32 |
| വികസനഫണ്ട് ടി.എസ്.പി. | 13446 | | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 7318488 | 1941556 | 26.53 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4282515 | 2518380 | 58.81 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8913373 | 6361996 | 71.37 |
| പെർഫോമൻസ് ഗ്രാന്റ് | 4718016 | 644779 | 13.67 |
| എം.എൻ.ആർ. ഇ. ജി.എസ്. | 37997215<br>മുന്നിരിപ്പ്<br>ഉൾപ്പെടെ: 18835 | 37834633 | നീക്കിയിരിപ്പ് : 143747 |
| ബി ഫണ്ട് | 2,97,72,850 | 2,97,72,850 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 146 | 68442187 | 86 | 36686300 | 53 | 7 | 59 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 70.73% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4619588 | 9165000 | 4545412 | 98.39 |
| നികുതിയേതര വരവുകൾ | 1549431 | 1799944 | -634873 | -40.97 |
| മറ്റ് വരവുകൾ | 382032 | 219427 | 722781 | 189.19 |
| ആകെ | 6551051 | 11184371 | 4633320 | 70.73 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 5690 ഗുണഭോക്താക്കൾക്കായി ആകെ 29772850/-രൂപ വിവിധ ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 397560 | 225 |
| കർഷകതൊഴിലാളി പെൻഷൻ | 87,77,010 | 1156 |
| വിധവാപെൻഷൻ | 1,17,29,840 | 1448 |
| വാർദ്ധക്യകാലപെൻഷൻ | 4482990 | 2411 |
| വികലാംഗപെൻഷൻ | 33,74,010 | 354 |
| അവിവാഹിതപെൻഷൻ | 8,61,440 | 91 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 1,50,000 | 5 |
| ആകെ | 29772850 | 5690 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,898/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവ് വഴി ജോലി വിഭജനം നടത്തിയിട്ടുണ്ട്. സഞ്ചയസാംഖ്യ സോഫ്റ്റ് വെയറുകൾ തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും പഴയ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാന്റ് പൂർണ്ണമല്ല. വാടക, ലേലം, തൊഴിൽ നികുതി

ഡിമാന്റ് രജിസ്റ്ററുകളിൽ ലഭിച്ച നികുതിയുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2017 | 31.05.2017വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2001 | 2008-2009മുതൽ 2010-11വരെ. | 01.03.12. |

## ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് - നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല, അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, പെർമിറ്റ് ഫയൽ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാർഡ് XVൽ പ്രവർത്തിക്കുന്ന വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ പ്രധാനകെട്ടിടത്തിന്റെ ഒരു ഭാഗത്തിനു (5797.14$m^2$ വിസ്തീർണ്ണം) മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. പെർമിറ്റ് ഫയൽ പ്രകാരം അനുബന്ധ നിർമ്മാണങ്ങൾക്കായി 23.5.2011 ൽ എ2-17823/77 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 23.12.15ൽ നികുതി നിർണ്ണയത്തിനായി ഉടമസ്ഥൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 03.03.2016ൽ ഓവർസിയർ നൽകിയ സ്ഥലപരിശോധനാ റിപ്പോർട്ടിലെ വിശദാംശം ചുവടെ ചേർക്കുന്നു

| നിർമ്മാണം | പെർമിറ്റ് നൽകിയത് | ആകെ നിർമ്മാണം | അനധികൃതമായി നിർമ്മിച്ചത് |
|---|---|---|---|
| പ്രധാനകെട്ടിടം. | 5797.14$m^2$ (28.12.08 ൽ പെർമിറ്റ് എടുത്ത് 2009 -10 മുതൽ നികുതി അടക്കുന്നു) | 11237.56$m^2$ | 5440.42$m^2$ |
| വർക് ഷോപ്പ്. | 4136.24 $m^2$ | 8643.71 $m^2$ | 4507.47$m^2$ |
| വനിതാഹോസ്റ്റൽ. | 3477.79 $m^2$ | 5107.57 $m^2$ | 1629.78$m^2$ |
| മെൻസ് ഹോസ്റ്റൽ. | 3437.29 $m^2$ | | 2540.62$m^2$ (നിർമ്മാണം |

| | | | |
|---|---|---|---|
| | | | നടക്കുന്നു.) |
| ക്യാന്റീൻ കെട്ടിടം. | 450 $m^2$ (A2 വിഭാഗത്തിൽ പ്പെട്ട പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനാണ് പെർമിറ്റ് എടുത്തത് -എ2-9343/2010 /23.11.2010) | 1196.58 $m^2$ | 746.58 $m^2$ |
| ആകെ അനധികൃത നിർമ്മാണം. | | | 14864.87 $m^2$. |

ചീഫ് ടൌൺ പ്ലാനർ അംഗീകരിച്ചു നൽകിയ ലേ ഔട്ട് പ്രകാരമാണ് പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകിയത്. എന്നാൽ നിർമ്മാണം പൂർത്തിയായപ്പോൾ അംഗീകാരം ലഭിച്ച ലേ ഔട്ടിൽ നിന്നും വ്യത്യാസം വന്നു. അംഗീകാരത്തിനായി 21.04.16 ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയതിനു വിധേയമായി കുടിശ്ശിക സഹിതം നികുതി നിർണ്ണയിക്കുമെന്നുമാണ് ഓഡിറ്റ്അന്വേഷണം നം.10/12.07.17 നുള്ള മറുപടിയിൽ അറിയിച്ചത്.

ചീഫ് ടൌൺ പ്ലാനറിൽ നിന്നും പ്ലാനിന് അംഗീകാരം ലഭിച്ചാൽ മാത്രമേ നികുതി നിർണ്ണയം നടത്താൻ കഴിയുകയുള്ളൂ എങ്കിലും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാനാകുമായിരുന്നു. 23.5.2011 ൽ നിർമ്മാണാനുമതി നേടിയ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയത്തിനായി അപേക്ഷ നൽകിയപ്പോൾ തന്നെ നിയമാനുസൃതമായ പെർമിറ്റ് കാലാവധി അവസാനിച്ചിരുന്നു. അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി പ്രസ്തുത നിർമ്മാണങ്ങൾക്ക് ഈടാക്കാവുന്ന നികുതി ഈടാക്കിയിട്ടില്ല. അനുമതി ഇല്ലാതെ പണിത ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിനും നടപടി സ്വീകരിച്ചില്ല. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന മെൻസ് ഹോസ്റ്റലിന്റെ നിർമ്മാണം നിർത്തുന്നതിനുള്ള സ്റ്റോപ്പ് മെമ്മോ പോലും നൽകാൻ അധികൃതർ തയ്യാറായില്ല.

ചീഫ് ടൌൺ പ്ലാനറുടെ അനുമതിക്ക് 21.04.16 ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഇതുവരെയും അനുവാദം ലഭിച്ചിട്ടില്ല. പ്രവർത്തനങ്ങൾ ധ്രുതഗതിയിലാക്കാൻ പഞ്ചായത്തിന്റെയോ ഉടമസ്ഥന്റെയോ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടാകുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കുടിശ്ശിക സഹിതം നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകില്ല എന്ന അധികൃതരുടെ വാദം അംഗീകരിക്കാവുന്നതല്ല. യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നത് വഴി സ്വകാര്യ വ്യക്തിയുടെ താത്പര്യം സംരക്ഷിക്കപ്പെടുകയാണ് ചെയ്തത്. ഇത് കാരണം ആകെ 26185.42 $m^2$ വിസ്തൃതിയുള്ള കെട്ടിടത്തിന്റെ വളരെ ചെറിയ ഒരു ഭാഗത്തിന് മാത്രമേ ഉടമസ്ഥന് നികുതി ഒടുക്കേണ്ടി വരുന്നുള്ളൂ.

പഞ്ചായത്ത് രാജ് നിയമങ്ങൾ സംരക്ഷിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമാണ് തദ്ദേശസ്ഥാപനം പ്രാധാന്യം നൽകേണ്ടത്. കേരളാപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങളുടെ ഗുരുതരമായ ലംഘനം നടന്നതിന്റെ വിവരം വളരെ വിശദമായി എൽ.എസ്.ജി.ഡി വിഭാഗം 03.03.2016ൽ റിപ്പോർട്ട് നൽകി ഒരു വർഷത്തിനു ശേഷവും ആയതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ അധികൃതർ തയ്യാറായിട്ടില്ല. ആയതിനാൽ, അംഗീകൃത പ്ലാനനുസരിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും ഓഡിറ്റ്

ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.- 15,09,823/-രൂപ കുടിശ്ശിക.

വാർഷിക കണക്ക് പ്രകാരം തൻവർഷം വസ്തുനികുതി ഇനത്തിൽ 46,90,312/- രൂപയുടെ ഡിമാന്റ് ഉണ്ടായിരുന്നതിൽ പിരിച്ചെടുത്തത് 31,80,489/-രൂപ മാത്രമാണ്. 15,09,823/-രൂപ വസ്തു നികുതി ഇനത്തിൽ തൻവർഷം കുടിശ്ശികയുണ്ട്. നികുതി പിരിവിന്റെ നിലവിലെ പുരോഗതി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10ന് മറുപടി നൽകിയില്ല. നികുതി പിരിവ് ഊർജിതമാക്കി തുകകൾ കാലഹരണപ്പെട്ടു പോകാതെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2016-17 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയില്ല. ഒന്നാം അർദ്ധവർഷം ഈടാക്കിയ തുകയുടെ അനുപാതത്തിലാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്. വരുമാന വർധനവ് വന്നിട്ടുണ്ടെങ്കിൽ അതിനാനുപാതികമായി നികുതി ഈടാക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം ഈടാക്കിയ തുകയുടെ അടിസ്ഥാനത്തിൽ ഉള്ള നഷ്ടം |
|---|---|---|
| 1. | വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്. | 87250/- |
| 2. | സൌത്ത് ഇന്ത്യൻ ബാങ്ക്,കറ്റാണം. | 8750+1250/-=10,000/- (7 ജീവനക്കാരിൽ നിന്നും1250 + സ്ഥാപനനികുതി.) |
| 3. | നഗരൂർ ഹോസ്പിറ്റൽ. | 2100/-(നാല് ജീവനക്കാർ) |
| | ആകെ. | 99350/- |

ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക ഈടാക്കിയില്ല എങ്കിൽ തുക ഉത്തരവാദിയായ സെക്ഷൻ ക്ലർക്കിന്റെ ബാദ്ധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 2-4 വാടക -നടപടിക്രമങ്ങളിൽ വീഴ്ച

എ) വാടക ഒടുക്കിയിട്ടില്ല-24668/- രൂപയുടെ നഷ്ടം

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ബന്ധപ്പെട്ട കാലയളവുകളിൽ ഒടുക്കിയിട്ടില്ല. കൂടാതെ ക്രമ നം.6 ഒഴികെയുള്ള മുറികളുടെ വാടക ഉടമസ്ഥർ ആദ്യം കരാറിലേർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഒരു വർഷം എന്ന് കണക്കാക്കി, സാമ്പത്തിക വർഷം തുടങ്ങി മാസങ്ങൾക്കു ശേഷമാണ് വർധിപ്പിച്ചിരിക്കുന്നത്. പുതിയതായി ലേലം നടന്നിട്ടില്ലാത്തതിനാൽ വാടക വർഷാരംഭത്തിൽ തന്നെ പുതുക്കി കരാർ ചമക്കേണ്ടതാണ്. ആയതിനാൽ ഈ കടമുറികൾക്ക് വർഷാരംഭം മുതലുള്ള വർധനവിനാനുപാതികമായാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്.

| ക്രമ നം. | റൂം നം. | അനുഭവക്കാരന്റെ പേര് | ഡിമാന്റ്രജിസ്റ്റർ പ്രകാരംപ്രതിമാസ വാടക(ഒടുക്കിയ കാലയളവ് ബ്രായ്ക്കറ്റിൽ) | ഒടുക്കുവാനുള്ള തുക |
|---|---|---|---|---|
| 1. | 25. | സെക്രട്ടറി, സർവീസ് കോപ്പറ്റീവ് സൊസൈറ്റി,കട്ടച്ചിറ. | 517/-(11/16വരെ) (ഒടുക്കിയിട്ടില്ല)<br>543/-(12 /16മുതൽ) (ഒടുക്കിയിട്ടില്ല) | 6516/-(543*12) |
| 2. | 25(3) | സുകുമാരൻ,കൃഷ്ണഭവനം. | 594/-(08/16 വരെ.) | 270 (30*9)+1872 (6224*3) =2142/- |
| | | | 624/-(09/16 മുതൽ) (12/16 വരെ 594/- വീതം അടച്ചു) | |
| 3. | 27(5) | ശിവരാമൻ,തറാൻ തെക്കതിൽ. | 594/-(08/16 വരെ) (ഒടുക്കിയിട്ടില്ല)<br>624/-(09/16 മുതൽ) (ഒടുക്കിയിട്ടില്ല) | 7488/-(624*12) |
| 4. | സ്റ്റാൾ നം.3. | അബ്ദുൾ റഹ്മാൻ, പരിയാരത്ത് വിള, ഇലിപ്പക്കുളം. | 223/-(08/16 വരെ) (ഒടുക്കിയിട്ടില്ല)<br>235/-(09/16 മുതൽ) (ഒടുക്കിയിട്ടില്ല) | 2820/-(235*12) |
| 5. | ന്യൂ.റൂം നം.5. | പുഷ്പരാജൻ, എസ്.പി.ഭവൻ,കട്ടച്ചിറ. | 2148/-(07/16 വരെ) (ഒടുക്കിയിട്ടില്ല)<br>2256/-(08/16 മുതൽ) (ഒടുക്കിയിട്ടില്ല) | 2702/-(2256*12) |
| 6. | 20/771 | വനിതാക്യാന്റീൻ. | 500/- (09/16 വരെ) | 3,000/-(500*6) |

| | | | | |
|---|---|---|---|---|
| | ആകെ. | | | 24668/- |

ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക ഈടാക്കിയില്ല എങ്കിൽ തുക ഉത്തരവാദിയായ സെക്ഷൻ ക്ലർക്കിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിവരം, വാടകക്കായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ബൈലോ, ഷോപ്പിംഗ് കോംപ്ലക്സിലുള്ള ആകെ മുറികളുടെ എണ്ണം, വാടകയ്ക്ക് നൽകിയതിന്റെയും ഒഴിഞ്ഞുകിടക്കുന്നവയുടെയും വിവരം എന്നിവ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.5/12.7.17) മറുപടിയിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല.

ബി). മറ്റ് അപാകതകൾ:-

1. വാടകക്കായി ബൈലോ ചമച്ചിട്ടില്ല എന്നാണ് സെക്ഷൻ നൽകിയ വിവരം. ബൈലോ ചമക്കേണ്ടതും അത് കാലാനുസൃതമായി പുതുക്കേണ്ടതുമാണ്.
2. ഏതാനും ചില മുറികളുടെ അനുഭവക്കാരുമായി മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്.
3. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ,ഡിമാന്റ് രജിസ്റ്റർ പ്രകാരം 04/16മുതൽ വാടക വർധനവ് വന്ന മുറികളുടെ ഉടമസ്ഥർക്ക് പ്രസ്തുത മുറികൾ നൽകുന്നതിന് മാത്രമാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത്. കരാർ പുതുക്കാതെയും കമ്മിറ്റി തീരുമാനം ഇല്ലാതെയുമാണ് മറ്റുള്ള മുറികൾ ഉപയോഗിക്കുന്നത്.
4. ചില മുറികളുടെ വാടക വളരെ കുറവാണ്. (ഉദാ.റൂം.നം.24-326/-.റൂം.നം.23(1),24(2),25(3)-624/-). മുൻപ് നിശ്ചയിച്ച നൽകിയ വാടകക്ക് ആനുപാതികമായി മാത്രം വർധനവ് വരുത്തുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്നാണ് എക്സിറ്റ് മീറ്റിംഗ് വേളയിൽ അധികൃതർ അറിയിച്ചത്. വാടക കാലാനുസൃതമായി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ഡിമാന്റ് രജിസ്റ്ററിൽ വാടക ഈടാക്കിയതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക നിർണ്ണയം, ഈടാക്കൽ, കരാർ ചമക്കൽ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ ഫോറ വില ഈടാക്കിയില്ല; കണക്കില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ ഇ ടെണ്ടർ ഫോറ വില ഈടാക്കിയില്ല. ഈ വരവ് എൽഎസ്ജിഡി ഇഇയുടെ അക്കൗണ്ടിൽ നിക്ഷേപമായിരിക്കുകയാണ്. തനത് വരവ് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ പലിശയും ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നു.

ഇ-ടെണ്ടർ ഫോറ വിലയുടെ കണക്കും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഇ-ടെണ്ടർ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുൻ വർഷങ്ങളിലെ ഉൾപ്പെടെ തിരികെ ലഭിക്കുവാനുള്ള ടെണ്ടർ ഫോറവിലയുടെ കണക്ക് സൂക്ഷിക്കുന്നില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും ഈ വിഷയം പരിഗണിച്ചിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഇടെണ്ടർ ഫോറവില എൽഎസ്ജിഡി ഇഇയിൽ നിന്ന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. 2016-17ൽ ഇ-ടെണ്ടർ ചെയ്ത 16 മരാമത്ത് പദ്ധതികളുടെ ഫോറ വില 20800രൂപ തിരികെ ലഭിക്കാനുണ്ടെന്നും അറിയിച്ചു. എന്നാൽ ഈ വരവിന്റെ കൃത്യത പരിശോധിക്കാൻ രേഖകൾ ഹാജരാക്കിയില്ല. വർക്ക് ഫയലുകളിൽ നിന്നുള്ള അടിസ്ഥാനവിവരങ്ങൾ പോസ്റ്റ് ചെയ്ത് പഞ്ചായത്തിന് ഇതേവരെ കിട്ടാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതും കണക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

2016-17ൽ അന്തിമബില്ല് തീർപ്പാക്കിയ 10 സ്പിൽഓവർ മരാമത്ത് പദ്ധതികൾ ഇ ടെണ്ടർ ചെയ്തവയായിരുന്നു. 5ലക്ഷത്തിന് മുകളിലുള്ള പദ്ധതികളാണ് ഇ-ടെണ്ടർ ചെയ്യുന്നത്. ഓരോ പദ്ധതിക്കും മൂന്നിലധികം ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. അതിനാൽ വരവ് വലുതാണെന്ന് വ്യക്തമാകുന്നു.

ഇ-ടെണ്ടർ ഫോറ വില എത്രയുംപെട്ടെന്ന് ഈടാക്കി വരവ് നഷ്ടവും അതിന്മേലുള്ള പലിശ നഷ്ടവും ഒഴിവാക്കേണ്ടതാണ്.

## 2-6 ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

മഞ്ഞപ്പുഴശ്ശേരി എസ്.സി.കോളനിയിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി 2015-16 ൽ കേരള വാട്ടർ അതോറിറ്റിയിൽ 35000 രൂപ നിക്ഷേപിച്ചിരുന്നു. ആലപ്പുഴ, വാട്ടർ അതോറിറ്റി എകസിക്യൂട്ടീവ് എഞ്ചിനീയറുടെയുടെ 04.02.2017 ലെ എ2-2174/2015 കത്ത് പ്രകാരം ടി പ്രവൃത്തിയ്ക്ക് വേണ്ടി 30692 രൂപ ചെലവായതായി അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4308 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക നിക്ഷേപിച്ച് നാല് വർഷമായിട്ടും നടപടിയില്ല

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടു കൂടി തുക അടവാക്കുന്നതിന് ഉത്തരവുണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ 28.03.2013 ൽ 5,83,000 രൂപ കെ.എസ്.ഇ.ബി. കറ്റാനം സെക്ഷനിൽ അടച്ചിരുന്നു. തുക അടച്ചെങ്കിലും കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടില്ല. നിശ്ചിത സമയപരിധി പറയുകയും കാലതാമസം ഉണ്ടാകുന്നപക്ഷം പലിശയടക്കമുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കാതെ പോയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. വൻതുക നാല് വർഷം മുൻപെ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചെങ്കിലും കറണ്ട്ചാർജ്ജ് ഇനത്തിൽ ഒരു ലാഭവും ഉണ്ടായില്ലെന്ന് മാത്രമല്ല , പലിശയിനത്തിലും നഷ്ടമുണ്ടായി. നിലവിൽ മീറ്റർ ഘടിപ്പിക്കുന്ന പ്രവൃത്തി നടന്നിട്ടുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ 06/2017 ലെ ബില്ലിലും ഇതിന്റെ ആനുകൂല്യം പഞ്ചായത്തിന് കിട്ടിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള കാലയളവ്, പൂർത്തീകരിക്കാത്തപക്ഷം സ്വീകരിക്കേണ്ട നടപടികൾ എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലേർപ്പെടുകയും എത്രയും വേഗം മീറ്റർസ്ഥാപനം യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മീറ്റർ സ്ഥാപനം എത്രയും വേഗം പൂർത്തീകരിക്കാനായാൽ കറന്റ് ചാർജ്ജിനത്തിൽ ചെലവഴിക്കുന്ന വൻതുക ഗ്രാമപഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാകും. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കറണ്ട്ചാർജ്ജ് - വൻചെലവ്

തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ താരിഫ് സമ്പ്രദായത്തിലാണ് കറണ്ട്ചാർജ്ജ് അടയ്ക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് നിലവിൽ (06/2017 ൽ) 2,17,942 രൂപയാണ്. സെക്രട്ടറി നല്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (പ്രതിദിനം 12 മണിക്കൂർ പ്രകാശിപ്പിക്കുന്ന എന്ന രീതിയിൽ ഒരു വിളക്കിന്റെ കറണ്ട് ചാർജ്ജ് ) | ഈടാക്കുന്ന വൈദ്യുതിചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ബൾബ് 40വാട്സ് | 809 | 66 | 53394 |

| | | | | |
|---|---|---|---|---|
| 2 | സാധാരണ ബൾബ് 60വാട്സ് | 145 | 102 | 14790 |
| 3 | സിംഗിൾ ട്യൂബ് സെറ്റ് 40 വാട്സ് | 1070 | 66 | 70620 |
| 4 | ഡബിൾ ട്യൂബ് സെറ്റ് 2*40 വാട്സ് | 484 | 134 | 64856 |
| 5 | സി.എഫ്.എൽ. 11വാട്സ് | 147 | 16 | 2352 |
| 6 | സി.എഫ്.എൽ. 11*2വാട്സ് | 310 | 32 | 9920 |
| 7 | എം.വി.ലാമ്പ് 125വാട്സ് | 1 | 222 | 222 |
| 8 | എസ്.വി. ലാമ്പ് 250വാട്സ് | 4 | 447 | 1788 |

ഗ്രാമപ്പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ ( 01.08.2013 മുതൽ എഴുതുന്നത്) പരിശോധിച്ചതിൽ കഴിഞ്ഞ നാല് വർഷമായി ട്യൂബ് സെറ്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. എന്നിവയല്ലാതെ സാധരണ ബൾബ്, മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ് (750 W) എന്നിവകളൊന്നും തന്നെ വാങ്ങിയിട്ടില്ല. ഇതിൽ നിന്നും ഇത്തരം ബൾബുകൾ പഞ്ചായത്തിലെ തെരുവ് വിളക്കുകളിൽ ഉപയോഗിക്കുന്നില്ലായെന്ന് വ്യക്തമാണ്. ഇത്തരം ഉപയോഗിക്കാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏകദേശം 70000 രൂപയ്ക്ക് മേൽ പ്രതിമാസം പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അടയ്ക്കുന്നുണ്ട്. വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സി.എഫ്.എൽ, എൽ.ഇ.ഡി.എന്നിവ വാങ്ങി സ്ഥാപിക്കുന്നുണ്ടെങ്കിലും നിലവിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. വൈദ്യുതി ബോർഡുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവിളക്കുകളുടെ ഇനം, എണ്ണം, ഇവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും പ്രവർത്തന ക്ഷമമായ വിളക്കുകൾക്ക് മാത്രം വൈദ്യുത ചാർജ്ജ് അടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോടു ശുപാർശ ചെയ്യുന്നു.

## 3-3 പൊതുജനസൗകര്യങ്ങൾ സജ്ജീകരിക്കാതെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

2016-17ൽ ഗ്രാമപ്പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ സാധിച്ചു. എന്നാൽ പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ഈ നേട്ടം ഓഡിറ്റ് വേളയിലും പരസ്യപ്പെടുത്താതെ തുടരുകയാണ്. പഞ്ചായത്തിന്റെ ബോർഡിലും ലെറ്റർപാഡിലും വെബ്സൈറ്റിലും 'ഐ.എസ്.ഒ. 9001:2008 സർട്ടിഫൈഡ് ' എന്ന് രേഖപ്പെടുത്താനായിട്ടില്ല.

അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടും താഴെപ്പറയുന്ന ന്യൂനതകൾ അതിന്റെ തിളക്കം നഷ്ടപ്പെടുത്തുന്നു.

1. പൊതുജനങ്ങൾക്ക്, സേവനങ്ങളുടെ അവസ്ഥ അറിയാൻ 2015-16 ൽ വാങ്ങിയ ടച്ച് സ്ക്രീൻ ഉപയോഗിക്കാത്ത നിലയിൽ പ്രസിഡന്റിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു.
2. പൊതുജനങ്ങൾക്ക് പ്രാഥമികാവിശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം സജ്ജീകരിക്കാനായിട്ടില്ല. സ്ത്രീകൾക്ക് പ്രത്യേകസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.
3. പഞ്ചായത്ത് ഓഫീസിന് ചുറ്റും വളരെ പരിമിതമായ സ്ഥലം മാത്രമാണ് ഉള്ളത്. ഇതാകട്ടെ വൃത്തിഹീനമായ രീതിയിൽ കാണപ്പെടുന്നു.
4. പഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനായിട്ടില്ല. പകുതി മാത്രം ചെയ്ത നിലയിൽ തുടരുകയാണ്.

ഈ ന്യൂനതകൾ എത്രയും വേഗം പൂർത്തീകരിച്ച് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന അംഗീകാരം പരസ്യപ്പെടുത്തേണ്ടതും ഈ നേട്ടം നിലനിർത്താൻ ശ്രമിക്കേണ്ടതുമാണ്.

## 3-4 മാലിന്യ സംസ്കരണപരിപാടികൾ -അംഗീകാരം നേടിയശേഷം നടപ്പാക്കാതെ പോകുന്നു

മാലിന്യസംസ്കരണ പരിപാടികൾക്ക് പ്രത്യേകിച്ച് ഉറവിട മാലിന്യസംസ്കരണത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രൊജക്ടുകൾ നടപ്പാക്കണമെന്ന പന്ത്രണ്ടാം പദ്ധതിനിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് പ്രാമുഖ്യം നൽകി കാണുന്നില്ല. വികസനഫണ്ടിന്റെ 10% തുക മാലിന്യസംസ്കരണ പ്രൊജക്ടുകൾക്കായി വകയിരുത്തണമെന്ന കർശന നിർദ്ദേശപ്രകാരം പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങുകയും എന്നാൽ നിർബന്ധമായും ചെയ്യേണ്ട ഈ പ്രൊജക്ടുകൾ നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത പഞ്ചായത്തിൽ നിലനില്ക്കുന്നു.

2016-17ൽ ശുചിത്വമിഷന്റെ സാങ്കേതികാനുമതിയോടെ ബയോഗ്യാസ് പ്ലാന്റിന് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടിന് അംഗീകാരം ലഭിക്കുകയും യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. (ശുചിത്വമിഷൻ വിഹിതം 318750രൂപ 01.06.2017 ൽ ലഭിക്കുകയും ചെയ്തു.) എന്നാൽ പ്രൊജക്ട് അടങ്കലിൽ വ്യത്യാസം വന്നിട്ടുള്ളതിനാലും 31.03.2017 ന് മുൻപ് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാകാത്തതിനാലും ഈ പ്രൊജക്ട് നടപ്പാക്കേണ്ട എന്ന് 24.03.2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. 30.11.2016 ൽ ലഭിച്ച ടെണ്ടർ താമസിച്ച് പരിഗണിച്ചതിന്റെ കാരണം വ്യക്തമല്ല. ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് വിലയിൽ മാറ്റം ഇല്ലാത്തതിനാൽ അടങ്കലിൽ വന്ന മാറ്റം ടെണ്ടർ അംഗീകരിക്കുന്നതിന് തടസ്സവുമല്ലായിരുന്നു. ഇത്തരം സാഹചര്യത്തിലും പ്രൊജക്ട് നടപ്പാക്കേണ്ട എന്ന തീരുമാനം മാലിന്യസംസ്കരണമെന്ന ലക്ഷ്യം സാധിക്കുന്നതിൽ തടസ്സമായി.

2014-15 ൽ ആകട്ടെ ശുചിത്വമിഷന്റെ സാങ്കേതികാനുമതിപ്രകാരം വിഭാവനം ചെയ്ത പ്രൊജക്ടിൽ ശുചിത്വമിഷൻ വിഹിതം 13,35,500 രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ 40% തുകയായ 5,34,200 രൂപ പഞ്ചായത്തിന് ലഭിച്ചെങ്കിലും 3,57,000 രൂപ മാത്രമാണ് ഈ ആവശ്യത്തിന് ചെലവഴിച്ചത്. അവശേഷിക്കുന്ന തുക 1,77,200 രൂപ പലിശ (26,412/- രൂപ) സഹിതം തിരിച്ചടയ്ക്കുകയാണ് ഉണ്ടായത്.

പദ്ധതിനിർദ്ദേശപ്രകാരം ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും എന്നാൽ നടപ്പാക്കാതെ പോവുകയും ചെയ്യുന്നത് തെറ്റായ പ്രവണതയാണ്. ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ പ്രൊജക്ടുകൾ തയ്യാറാക്കുകയും അവ യഥാസമയം നടപ്പാക്കുകയും ചെയ്യുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 3-5 സംയോജിത ക്ഷീര വികസനം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി

നിർവ്വഹണം:വെറ്ററിനറി സർജ്ജൻ

ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനും അത് വഴി അവരുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടും നടപ്പാക്കിയ പദ്ധതിയാണ് സംയോജിത ക്ഷീര വികസന പദ്ധതി. ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇത് പ്രകാരം ഗുണഭോക്തൃ വിഹിതം പിരിക്കുകയും കാലിത്തീറ്റയുടെ വിലയായി വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ സംഘങ്ങൾക്ക് നൽകുകയും സംഘങ്ങൾ കാലിത്തീറ്റ സംഭരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. തുക ചെലവഴിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ചെലവഴിച്ച തുക | | | |
|---|---|---|---|---|---|
| | | ബിൽ നം./ തീയതി | വികസന ഫണ്ട് | ചെക്ക് നം./ തീയതി | ഗുണ. വിഹിതം |
| സംയോജിത ക്ഷീര വികസനം (ജനറൽ) | S0084/17 | 16/31.3.17 | 316500 | 004805/31.3.17 | 316500 |
| | | 11/29.3.17 | 246000 | | 246000 |
| സംയോജിത ക്ഷീര വികസനം (എസ്.സി.പി) | S0103/17 | 15/31.3.17 | 49500 | | 49500 |
| | | 13/31.3.17 | 42000 | | 42000 |
| ആകെ | | | 654000 | | 654000 |

മേൽ പ്രോജക്ടുകൾ നടപ്പാക്കിയതില ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കാലിത്തീറ്റയ്ക്കായി ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ള കർഷകർ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവരാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.
2. ജി ഓ (എം എസ്) 4/2016 തസ്വഭവ 11.1.16 പ്രകാരം സംഘങ്ങളിൽ പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി പാൽ അളക്കുന്നതിന് ആനുപാതികമായുള്ള സബ്സിഡി കർഷകർക്ക് അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്. ഇതിന് വിരുദ്ധമായാണ് ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിച്ച് ടി തുകയ്ക്ക് ആനുപാതികമായി കാലിത്തീറ്റ വിതരണം ചെയ്യുക എന്ന രീതി അവലംബിച്ചത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/15.7.17) ഹാജരാക്കിയ മറുപടിയിൽ മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവന്നിരുന്ന പദ്ധതിയാണ് സംയോജിത ക്ഷീര വികസന പദ്ധതിഎന്നും

പദ്ധതിയുടെ നിർവ്വഹണ കാലഘട്ടത്തിലാണ് ചാർജ്ജെടുത്തിരുന്നത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജ്ജൻ രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-6 പണം അടച്ചെങ്കിലും മരുന്ന് കിട്ടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)നിർവ്വഹണം: ആയുർവേദ മെഡിക്കൽ ഓഫീസർ

ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി തുക ഔഷധിയിൽ നൽകിയിരുന്നെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട്നം | ബിൽനം/ തീയതി | തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| ആയുർ വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | പ്രോജക്ട് നം. S0067/17 | 2/6.3.17 | 271000 | മരുന്ന് ലഭിച്ചില്ല | 271000 |
| വൃദ്ധജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ | പ്രോജക്ട് നം. s0149/27 | 3/10.3.17 | 300000 | 129048 | 170952 |
| ആകെ | | | | | 441952 |

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 441952 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II)നിർവ്വഹണം: പി എച്ച് സി മെഡിക്കൽ ഓഫീസർ

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ (S0061/17) ഉൾപ്പെടുത്തി മരുന്നുകളും ഉപകരണങ്ങളും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനായി 431607 രൂപയും (ബിൽ നം.2/31.1.17-213319രൂപ, ബിൽ നം.4/27.2.17-99827രൂപ, ബിൽ നം. 7/30.3.17-118461രൂപ) ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായി 200000 രൂപയും(ബിൽ നം.3/31.3.17) ചെലവഴിച്ചിരുന്നെങ്കിലും ഓഡിറ്റ് വേളയിലും അവ പൂർണ്ണമായി ലഭിച്ചിട്ടില്ല. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് 71301 രൂപയുടെയും ഔഷധിയിൽ നിന്ന് 63752 രൂപയുടെയും ഉൾപ്പടെ ആകെ 135053 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിലയായ 496554 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പരിചരണ മാർഗ്ഗ രേഖ 2015 പ്രകാരം പാലിയേറ്റീവ് കെയർ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഗ്രാമ പഞ്ചായത്തിൽ അവസാനമായി പാലിയേറ്റീവ് മാനേജമെന്റ് കമ്മറ്റി യോഗം ചേർന്നത് 17.3.15 തീയതിയിലാണ്.

പിന്നീടുള്ള മാസങ്ങളിലൊന്നും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പാലിയേറ്റീവ് നഴ്സ് രാജി വെച്ചത് മൂലം സെപ്റ്റംബർ 2016 മാസം പാലിയേറ്റീവ് നഴ്സ് ഇല്ലാതിരിക്കുകയും തന്മൂലം പാലിയേറ്റീവ് പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തിരുന്നു. ഒക്ടോബർ 2016 മുതൽ താല്ക്കാലിക നഴ്സിനെയാണ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളത്. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ അഭാവം മൂലമാണ് ഇപ്രകാരം ഒരു അവസ്ഥ സംജാതമായത്. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുന്നതിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 നിക്ഷേപമായി ഗുണഭോക്തൃവിഹിതം

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെട്ടിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പോത്ത് കുട്ടി പരിപാലനം(ജനറൽ) | 31500 |
| പോത്ത് കുട്ടി പരിപാലനം(എസ് സി) | 36750 |
| മുട്ടക്കോഴി വിതരണം | 1250 |
| ആകെ | 69500 |

സ്പിൽ ഓവർ പ്രോജക്ടുകൾ ആവിഷ്കരിച്ച് അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവഴിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

## 3-9 ദേശീയ ഉദ്ഗ്രഥന ദിനം ആചരിച്ചു - സർക്കാർ ഉത്തരവില്ലാതെ

എച്ച് എം നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോക്ട് നം. s0127/ പ്രകാരം ദേശീയഉദ്ഗ്രഥന ദിനം ആചരിക്കുന്നതിന്റെ ഭാഗമായി 35000 രൂപ (ചെക്ക് നം. 3524/16.11.16-24000, ചെക്ക് നം. 854335/ 13.12.15-11000) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിരുന്നു. കുട്ടികളുടെ കലാ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനാണ് തുക ചെലവഴിച്ചത്. കേരളപഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമായ അനിവാര്യമേഖലാ ചുമതലകളിൽ കുട്ടികളുടെ കലാമത്സരങ്ങൾ ഉൾപ്പെടുന്നില്ല. അതിനാൽ ചെലവ് നിയമവിരുദ്ധമാണ്. വിദ്യാഭ്യാസ വകുപ്പാണ് സ്കൂൾ കുട്ടികളുടെ കലാമത്സരങ്ങൾ നടത്തേണ്ടത്. കേരളോത്സവം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ചുമതല. പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് ദേശീയോഗ്രഥന ദിനം ആഘോഷിക്കാൻ സർക്കാർ അനുമതിയില്ല.

പ്രോജക്ടിൽ നോട്ടീസ്, ബാഡ്ജ്, ട്രോഫി എന്നവയ്ക്കായി ആകെ 41400 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള വിഹിതത്തിന് പുറമെയുള്ള അധിക തുക കണ്ടെത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെയും ഇപ്രകാരം തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-10 ഒ ഡി എഫ് പദ്ധതി- ശുചിത്വമിഷൻ ഫണ്ട് പൂർണ്ണമായി ലഭിച്ചില്ല

സ്വച്ച് ഭാരത് മിഷൻ മാർഗ്ഗ രേഖകൾ പ്രകാരം ODF പദ്ധതിയിൽ ഉൾപ്പെടുത്തി സ്വച്ച് ഭാരത് മിഷൻ വിഹിതം 12000 രൂപയും വികസന ഫണ്ട്/തനത് ഫണ്ട് 3400 രൂപയും ഉൾപ്പടെ 15400 രൂപയാണ് ഒരു യൂണിറ്റിനായി ചെലവഴിക്കേണ്ടത്.

ടി പദ്ധതിയുടെ ഗുണഭോക്താക്കളായി ആകെ 171 ഗുണഭോക്താക്കളാണ് ഗ്രാമ പഞ്ചായത്തിലുണ്ടായിരുന്നത്. ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി വികസന ഫണ്ട് 2633400 രൂപയാണ് ആകെ ചെലവഴിച്ചിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിനു മുൻപ് സ്വച്ച് ഭാരത് മിഷൻ വിഹിതം ലഭിക്കാതിരുന്നതു മൂലമാണ് ഇപ്രകാരം വികസനഫണ്ട് ഉപയോഗിച്ച് ആനുകൂല്യ വിതരണം നടത്തുകയാണുണ്ടായത്. ഒരു ഗുണഭോക്താവിന് 12000 രൂപ വീതം 171 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2052000 രൂപ ഗ്രാമ പഞ്ചായത്തിന് സ്വച്ച് ഭാരത് മിഷനിൽ നിന്ന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ 1600560 രൂപ മാത്രമാണ് സ്വച്ച് ഭാരത് മിഷനിൽ നിന്ന് ഓഡിറ്റ് സമയം വരെ ലഭിച്ചിട്ടുള്ളത്. ഈ തുകയിൽ 271936 രൂപ ഹോമിയോ ആശുപത്രിക്ക് ഹൈടെക് ലാബ് നിർമ്മിക്കുന്നതിനായി ചെലവഴിച്ചിരുന്നു. അവശേഷിക്കുന്ന 1328624 രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ശുചിത്വ മിഷനിൽ നിന്ന് ഇപ്രകാരം ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾ എടുത്ത ശേഷം ശുചിത്വ പ്രോജക്ടുകൾക്ക്

വിനിയോഗിക്കുന്നതിന് 28.12.16 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റി ശുപാർശ ചെയ്തിരുന്നു. കോർഡിനേഷൻ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വച്ച് ഭാരത് മിഷനിൽ നിന്ന് ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 1328624 രൂപ ചെലവഴിക്കേണ്ടതും, ലഭിക്കാൻ ശേഷിക്കുന്ന 451440 രൂപ സ്വച്ച് ഭാരത് മിഷനിൽ നിന്ന് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-11 തൊഴിലുറപ്പ്:സാധനഘടകത്തിന് ആദായനികുതി ഈടാക്കിയില്ല

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് കോൺക്രീറ്റ് വേലകളിൽ സാധനഘടകത്തിന് ആദായനികുതി ഈടാക്കിയില്ല. കോൺക്രീറ്റ് പണിക്ക് സാധനങ്ങൾ സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്ന് സാധനവിലയുടെ 1% ആദായ നികുതി ഈടാക്കേണ്ടതായിരുന്നു.

ഓഡിറ്റ് വർഷം 10 റോഡ് കോൺക്രീറ്റ് വേലകളാണ് നടപ്പാക്കിയത്. എ.ഷാനവാ (താന്നിക്കൽ ഹൗസ്, ഇലിപ്പക്കുളം)സായിരുന്നു സാധനങ്ങൾ സപ്ളൈ ചെയ്യാൻ കരാറെടുത്തത്. വേലകളുടെ എം.ബുക്കുകൾ (145,120,54,65,45,31,138,57,36,102/15-16) അനുസരിച്ച് കരാറുകാരൻ 2603124 രൂപയുടെ സാധനങ്ങൾ സപ്ളൈ ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്ന് 1%-26040രൂപ-ആദായനികുതി ഈടാക്കേണ്ടതായിരുന്നു. 26040രൂപ കേന്ദ്രസർക്കാരിനുണ്ടായ നഷ്ടമായി കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം(09/13.07.2017) നല്കിയിരുന്നു. കൃത്യമായ ഉത്തരവുകൾ ലഭിച്ചിട്ടില്ലാത്തതിനാലാണ് ആദായനികുതി ഈടാക്കാതിരുന്നതെന്നും, ഉത്തരവുകൾ ലഭിക്കുന്ന പക്ഷം കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. കരാർ പ്രവർത്തികൾക്ക് ആദായനികുതി ബാധകമായതിനാൽ മറുപടി നിയമപരമല്ല. കേന്ദ്രഫണ്ടിന്റെ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## 3-12 ചെലവ് കോടികൾ; കാർഷിക പദ്ധതികൾ പാഴാവുന്നു

ഗ്രാമപഞ്ചായത്തിന്റെ കാർഷിക പദ്ധതികൾ കോടികളുടെ പാഴ്ചെലവാകുന്നു. ഉല്പാദനവർധനവ്, വിളവിസ്തൃതി വർധനവ് എന്നീ അടിസ്ഥാന ലക്ഷ്യങ്ങൾ പദ്ധതികൾ നിറവേറ്റുന്നില്ല. സർക്കാർ ഫണ്ടുകൾ എളുപ്പത്തിൽ ചെലവഴിക്കാനുള്ള നിർവഹണമേഖലയായി ഗ്രാമപഞ്ചായത്ത് കൃഷിയെ കാണുന്നതായി ഓഡിറ്റ് വർഷത്തെ പ്രധാന കാർഷികപദ്ധതികളുടെ തകർച്ച തെളിയിക്കുന്നു.

കതിരണിയും പാടം, ഹരിതാഭം എന്നീ രണ്ട് പദ്ധതികളിലാണ് ഗ്രാമപഞ്ചായത്ത് 1.22കോടി(12243655രൂപ) പാഴാക്കിയത്. ഇതിൽ 11557580രൂപ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി ഫണ്ടും 686075 രൂപ പൊതുവിഭാഗം വികസനഫണ്ടുമാണ്. കൃഷി സ്ഥലം ഒരുക്കുന്നതിനാണ് രണ്ട് പദ്ധതികളിൽ തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ചത്.

നെൽകൃഷി വ്യാപനമായിരുന്നു കതിരണിയും പാടത്തിന്റെ ലക്ഷ്യം. പച്ചക്കറി ഉല്പാദനവർധനവായിരുന്നു ഹരിതാഭത്തിന്റെ ലക്ഷ്യം. രണ്ടും ലക്ഷ്യം കണ്ടില്ല.

വരൾച്ചകടുത്തതിനാൽ കതിരണിയും പാടം കതിരുകൊയ്തില്ല. 125ഹെക്ടറിലായിരുന്ന കൃഷി. 2016-17ലെ വരൾച്ച കാരണം 100ഹെക്ടറിലേയും കൃഷി ഉണങ്ങി. ബാക്കി 25ഹെക്ടറിലെ വിളവും നന്നായില്ല.ഫലത്തിൽ പദ്ധതിക്ക് ചെലവഴിച്ച സർക്കാർ ഫണ്ടും പാഴായി. കാലാവസ്ഥാമാറ്റത്തെകുറിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിച്ചതും ആസൂത്രണ നിർവഹണത്തിലെ പാളിച്ചകളുമാണ് പദ്ധതി പാഴ്ചെലവാക്കിയത്.

സർക്കാർ ധനവിനിയോഗ നിയമങ്ങൾ ലംഘിച്ച് നടപ്പാക്കിയ ഹരിതാഭം പച്ചക്കറി ഉല്പാദിപ്പിച്ചതിനും തെളിവില്ല.

കതിരണിയും പാടം-അപാകങ്ങൾ

1. കേരളവിത്ത് വികസന അതോറിറ്റിയിൽ നിന്നും 2016 ഓഗസ്റ്റിൽ 9990കിലോ(40രൂ/കിലോ) വിത്ത് വാങ്ങി. ഇതിന്റെ വില എഡിഎയും കൃഷി ഓഫീസറും കൂടി നല്കി. ഇ-പേമെന്റായി പണം നല്കി മൂന്ന് മാസം

കഴിഞ്ഞിട്ടും അതോറിറ്റി പണം കൈപ്പറ്റിയതിന് രസീത് നല്കിയിട്ടില്ല.

2. പാക്കേജ് ഓഫ് പ്രാക്ടീസ്(പിഓഫ് പി) അനുസരിച്ച് ഓണാട്ടുകരയിലെ നെൽകൃഷി ഓഗസ്റ്റ് -സെപ്റ്റംബറിൽ തുടങ്ങി ഡിസംബർ-ജനുവരിയിൽ തീരണം. എന്നാൽ 2017 ജനുവരിയിൽ 90കിലോ വിത്ത് അതോറിറ്റിയിൽ നിന്ന് വാങ്ങി. പി ഓഫ് പിക്ക് വിരുദ്ധമായ വാങ്ങലാണിത്.
3. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ട് അനുസരിച്ച് പദ്ധതിയിൽ 290400രൂപ ബ്ളോക്ക് വിഹിതം വകയിരുത്തിയിരുന്നു. ബ്ളോക്കിന്റെ നിർവഹണ ഉദ്യോഗസ്ഥയായ എഡിഎ തുക പഞ്ചായത്തിന് കൈമാറാതെ നേരിട്ട ചെലവഴിച്ചു. മാർഗരേഖക്ക് വിരുദ്ധമായ ഇത്തരം ചെലവിലൂടെ വിത്ത് വാങ്ങലിന്റെ സുതാര്യത നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ പദ്ധതിയിൽ 9990കിലോ വിത്ത് വാങ്ങിയത് ആധികാരിക രേഖകളിലൂടെ തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു.
4. കൂലിചെലവിൽ 50% ജില്ലാപഞ്ചായത്ത് വിഹിതമായി സമാഹരിക്കേണ്ടിയിരുന്നു. അത് ഒഴിവാക്കി ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ പരിമിതപ്പെടുത്തി.
5. ഭരണിക്കാവ് പഞ്ചായത്തിന്റെ വികസനഫണ്ടാണ് പദ്ധതിക്ക് ചെലവഴിച്ചത്. പഞ്ചായത്തിലെ ജനസംഖ്യ അടിസ്ഥാനമാക്കി സർക്കാർ അനുവദിച്ച ഫണ്ടിന്റെ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവരാണ്. ആസൂത്രണ/സബ്സിഡി മാർഗരേഖയനുസരിച്ച് പാട്ടകൃഷി നടത്തേണ്ടത് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഗ്രൂപ്പുകളാണ്. ആകെ86 ഗുണഭോക്താക്കളിൽ 53പേർ ഗ്രാമപഞ്ചായത്തിന് പുറത്തുനിന്നുള്ളവരാണ്.
6. പാട്ടകർഷകരിൽ ഭൂരിഭാഗം പേരും 2016-17ലെ കരംഅടച്ചരസിതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. 100രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുണ്ട്. എന്നാൽ കരാർ ചമച്ചത് ഗ്രാമപഞ്ചായത്തിലെ കർഷകരാണെന്ന് തെളിയിക്കുന്ന തിരിച്ചറിയൽ രേഖയില്ല. അതിനാൽ പാട്ടകൃഷി നടന്നതായി തെളിയിക്കപ്പെടുന്നില്ല.
7. സബ്സിഡി മാർഗരേഖ കൂലിചെലവ് 2ഹെക്ടറിന്-6000രൂപ(ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം)യായി പരിമിതപ്പെടുത്തുന്നുണ്ട്. എന്നാൽ പീടികയിൽ എന്ന തലവടിയിലെ ഒരു വീട്ടിലേക്ക് മാത്രം 66000രൂപ കൂലി ചെലവ് നല്കിയിരിക്കുന്നു.
8. 125ഹെക്ടറിലാണ് കൃഷി. ഇതിന് 31250കിലോ വിത്ത് വേണമായിരുന്നു. എന്നാൽ10090കിലോ വിത്ത് മാത്രമാണ് വാങ്ങിയത്. ബാക്കി വിത്ത് എങ്ങനെ സംഭരിച്ചു എന്ന് വ്യക്തമല്ല.വിത്ത് ആവശ്യമായ കർഷകർ ഇതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.വിത്ത് സ്വന്തമായി ഉണ്ടായിരുന്ന കർഷകർ ആരെന്ന് തെളിയിക്കുന്ന രേഖയില്ല.
9. ഗുണഭോക്താക്കളുടെ അപേക്ഷകൾ അപൂർണമാണ്. അപേക്ഷകൾക്ക് ക്രമനമ്പരില്ല. തീയതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകന് എന്തൊക്കെ ആനുകൂല്യങ്ങൾ നല്കി എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗരേഖയനുസരിച്ചുള്ള സാക്ഷ്യപെടൽ കൃഷി ഓഫീസർ അപേക്ഷകളിൽ നടത്തിയിട്ടില്ല.
10. കൃഷിയുമായി ബന്ധപ്പെട്ട വിഷയനിർണയ സമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ടില്ല.

അപാകങ്ങളുടെ വെളിച്ചത്തിൽ പദ്ധതി നിർവഹണം അന്വേഷണവിധേയമാക്കേണ്ടതാണ്.

ഹരിതാഭം: പച്ചക്കറി വിളഞ്ഞില്ല; സർക്കാർ ധനവിനിയോഗ നിയമങ്ങൾ ലംഘിച്ചു

പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഹരിതാഭം പദ്ധതി ലക്ഷ്യം നേടിയില്ല. പദ്ധതിയിൽ 848570രൂപയാണ് തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ചത്.

ഹരിതാഭം (എസ് 0120/17) പദ്ധതി വ്യക്തിഗത ആനുകൂല്യ പദ്ധതിയായാണ് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചത്. എന്നാൽ ഗ്രൂപ്പ് പദ്ധതിയായി എ.ഡി.എസ്, സി.ഡി.എസ് ആണ് പദ്ധതി നിർവ്വഹിച്ചത്. പദ്ധതിയിൽ അനാവശ്യമാറ്റം വരുത്തിയത് വിശദീകരണാർഹമാണ്. മാറ്റം വരുത്തിയത് പദ്ധതിയുടെ ഗുണം കൂട്ടിയതിന് തെളിവില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിതാഭം കൺവീനറെ പദ്ധതി നിർവ്വഹണം ഏൽപ്പിച്ചതായി കാണുന്നു. കൺവീനറെ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ യോഗത്തിന്റെ മിനിട്ട്സ് ഹാജരാക്കിയിട്ടില്ല. കൃഷി ഓഫീസർ നേരിട്ട് നിർവ്വഹിക്കുവാൻ ആസൂത്രണസമിതി അംഗീകാരം നൽകിയ പദ്ധതി കൺവീനർ എന്ന സ്വകാര്യ വ്യക്തി നിർവ്വഹിച്ചത് ഗുരുതരമായ അപാകമാണ്.

പദ്ധതിയിൽ അമൃത് എന്ന സ്ഥാപനത്തിൽ നിന്ന് 187500രൂപക്കുള്ള കയർപിത്ത് ജൈവവളം വാങ്ങി. ജൈവവളത്തിന് വകയിരുത്തിയ വികസനഫണ്ട് 14065രൂപ ഹരിതാഭത്തിന്റെ എഡിസിബി ഭരണിക്കാവ് ശാഖയിലെ 4012/10/08/000006 അക്കൗണ്ടിലേക്ക് 30.03.17ന് കൃഷി ഓഫീസർ മാറ്റി നൽകി. ഇതും ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 187500(ചെക്ക് 12969)രൂപ 15.05.17ൽ പ്രഭ എന്ന പേരിൽ പണമായി പിൻവലിച്ചതായി കാണുന്നു. ഈ തുക അമൃത് കൈപ്പറ്റിയതിന് തെളിവില്ല. മാത്രമല്ല, 1000രൂപക്കുള്ള മുകളിലുള്ള പേമെന്റുകൾ ചെക്ക്/ഡി.ഡി./ഇ-പേമെന്റ് ആയി നടത്തണമെന്ന സർക്കാർ നിയമത്തിന് ഈ ഇടപാട് വിരുദ്ധമായതിനാൽ വിശദീകരണാർഹമാണ്. പ്രഭ ഗ്രാമപഞ്ചായത്തിലെ സിഡിഎസ് ചെയർപേഴ്സണാണ്. ഇവർക്ക് ലക്ഷങ്ങൾ പദ്ധതിയുടെ പേരിൽ കൈപ്പറ്റാൻ എന്ത് ആധികാരികതയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഇടപാടിന്റെ കൃത്യത രേഖകളിലൂടെ തെളിയിക്കേണ്ടതാണ്.

അമൃത് എന്ന സ്ഥാപനത്തിനും അവരുടെ കയർപിത്ത് ഉൽപ്പന്നത്തിനും കൃഷിവകുപ്പിന്റെ അംഗീകാരമില്ല. കയർപിത്ത് ജൈവവളമാണെന്ന കൃഷിവകുപ്പ്/കാർഷിക സർവ്വകലാശാല സാക്ഷ്യപത്രമില്ല.

187500രൂപയുടെ വാങ്ങലായിട്ടും 2016ലെ LSG Procurement Manual നിർദ്ദേശ പ്രകാരം ഗുണഭോക്താക്കളുടെ പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. ഇതിനാൽ നിയമവിരുദ്ധവാങ്ങലാണ് നടപ്പാക്കിയത്.

ഹരിതാഭത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 18.01.17മുതൽ 06.03.17വരെ 72205രൂപ വരവ് കാണുന്നു. ബാങ്ക് പാസ്ബുക്ക് എൻട്രി By Cash KRISHI BHAVAN BHA എന്നാണ്. ഈ വരവുകൾ എങ്ങനെ ലഭിച്ചതാണെന്ന വിശദീകരണമില്ല. വിശദീകരിക്കേണ്ടതാണ്. അംഗീകൃത പദ്ധതിയിൽ ഗുണഭോക്തൃവിഹിതം പിരിക്കാൻ വ്യവസ്ഥയില്ല. എത്ര രൂപ വീതമാണ് പിരിച്ചത്? ആരാണ് പിരിവ് നടത്തിയത്? ഏത് രസീതിൽ? എന്നിവ വിശദീകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

പദ്ധിതിയിൽ സർക്കാർ ധനവിനിയോഗ നിയമങ്ങൾ ലംഘിച്ചതിനാൽ ഉചിതമായ മേൽ അന്വേഷണം നടത്തേണ്ടത്.

## 3-13 ഇലക്ഷൻ നിക്ഷേപം - നിയമാനുസൃതം കണ്ടുകെട്ടാതെ പഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിർത്തുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 144 ൽ സ്ഥാനാർത്ഥിയുടെ നിക്ഷേപം തിരികെ നല്കുകയോ പഞ്ചായത്തിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണെന്ന് പറയുന്നു. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന സംഗതികളിൽ ഒഴികെ, തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് മൂന്നു മാസത്തിനകം തെരഞ്ഞെടുപ്പ് നിക്ഷേപം

തിരിച്ച് കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്തിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഈ വ്യവസ്ഥ പാലിക്കാതെ, മൂന്ന മാസക്കാലാവധിയ്ക്ക് ശേഷം തെരഞ്ഞെടുപ്പ് നിക്ഷേപം തിരികെ നല്കിയത് നിയമാനുസൃതം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടപ്പെടാൻ കാരണമായി.

2015 ഒക്ടോബറിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന് വേണ്ടി നിക്ഷേപിച്ച പണം തിരികെ നല്കാൻ 2016 ഫെബ്രുവരി വരെ( തെരഞ്ഞെടുപ്പ് ഫലം വന്ന് 3 മാസം വരെ) മാത്രമേ, പഞ്ചായത്തരാജ് ആക്ട് പ്രാകാരം സമയം അനുവദിക്കപ്പെട്ടിട്ടുള്ളൂ. ഈ കാലപരിധിയ്ക്ക് ശേഷം തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടാതെ 2016 ഏപ്രിലിൽ 1000 രൂപ വീതം മൂന്ന് പേർക്കും (ചെക്ക് നം: 2743,2744,2745,2746 തീയതി:16.04.2016) സെപ്തംബറിൽ 1000 രൂപ ഒരാൾക്കും (ചെക്ക് നം: 3143/01.09.2016)തിരികെ നല്കി.

പഞ്ചായത്തിന്റെ വാർഷികക്കണക്ക് പ്രകാരം സാംഖ്യ സോഫ്റ്റ് വെയറിലെ 340109901 (other deposit) എന്ന ഹെഡിലാണ് ഇലക്ഷൻ ഡെപ്പോസിറ്റ് ചെർത്തിട്ടുള്ളത്. ഈ ഹെഡിൽ 31.03.2017 ൽ 61000 രൂപ പഞ്ചായത്തിന്റെ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. നിയമാനുസൃതം കണ്ടുകെട്ടേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-14 ഓഡിറ്റ് ഇംപാക്ട്

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വിതരണം (പ്രോജക്ട് നം. S0085/17) പ്രോജക്ട് പ്രകാരം 300000/-രൂപ (ബിൽ നം.2/26.10.16) വികസന ഫണ്ടും 204629 രൂപ (ചെക്ക് നം.0854323/21.10.16) തനത് ഫണ്ടിനത്തിലും ചെലവഴിച്ചിരുന്നു.

വേതന വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അംഗൻ വാടി നം.154 ലെ വർക്കറായ സീനത്ത് എന്ന വ്യക്തിക്ക് ഏപ്രിൽ, മെയ് മാസങ്ങളിലെ അധിക വേതനനം ഇനത്തിൽ 4400 രൂപ നൽകിയതായി വ്യക്തമാകുന്നു. എന്നാൽ ടി വ്യക്തി ഏപ്രിൽ, മെയ് മാസങ്ങളിൽ അംഗൻ വാടി നം.153 ലെ ഹെൽപ്പറായിരുന്നു. 2016 ജൂൺ 2 തീയതിയിൽ മാത്രമാണ് ടിയാൾക്ക് വർക്കറായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നത്. മാത്രമല്ല, ടി മാസങ്ങളിൽ ഹെൽപ്പറുടെ അധിക വേതനം ഇനത്തിൽ 2900 രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ക്രമരഹിതമായാണ് വേതനം നൽകിയത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ വർക്കർക്ക് ഏപ്രിൽ, മെയ് മാസങ്ങളിലും ജൂൺ 1 തീയതിയിലും വേതനം ഇനത്തിൽ അധികം നൽകിയ 4474 രൂപ രസീത് നം. 117020102164/14.7.17 പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

2016-17 വാർഷിക കണക്കുകളിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2005-06 മുതലുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. ബാലൻസ് ഷീറ്റിൽ B-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പല ഡെപ്പോസിറ്റുകളും കണ്ടുകെട്ടാവുന്നവയാണ്. ഉദാ:- ഇലക്ഷൻ നിക്ഷേപം.
2. വിവിധ പ്രവൃത്തികൾക്കായി മുൻകൂറായി നിക്ഷേപിച്ചതും പണി പൂർത്തീകരിക്കാത്തതുമായ എല്ലാ തുകകളും ബാലൻസ് ഷീറ്റിൽ B 8 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. ഹോമിയോ ആശുപത്രി വൈദ്യുതീകരണം പി.ഡബ്ല്യു.ഡി യിൽ 200000 രൂപ, വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടൽ കെ.എസ്.ഇ.ബി.യിൽ 185841 രൂപ, പൈപ്പ് ലൈൻ നീട്ടുന്നതിനായി, കെ.ഡബ്ല്യു.എ. ൽ 11,80,000 രൂപ എന്നിങ്ങനെ നിക്ഷേപിച്ചിട്ടുള്ള തുകകൾ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തികളുടെ മൂല്യം കണക്കാക്കി ആസ്തിരജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. .
4. വസ്തുനികുതി, തൊഴിൽനികുതി, D&O ലൈസൻസ് ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഇക്കാരണത്താൽ വാർഷിക കണക്കിലെ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല .
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 637816 രൂപ liability ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ഏതെല്ലാം ഇനങ്ങളിലാണെന്ന് വ്യക്തമല്ല. ഇതിൽ 33616 രൂപ 2015-16 ലെ വാർഷികക്കണക്കിൽ ബാദ്ധ്യതയായി കാണിച്ചിരുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 135000 | വികലാംഗ സ്കോളർഷിപ്പ് | 0 | 135000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 235000 | വികലാംഗ സ്കോളർഷിപ്പ് | 2135000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റിയിടൽ<br>പ്രൊജക്ട് നം 17/17 | 168370 | 0 | 168370 |
| | വൈദ്യുതി പോസ്റ്റ് മാറ്റിയിടൽ<br>പ്രൊജക്ട് നം 159/17 | 17471 | 0 | 17471 |

| | | | | |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | അമ്പാടി ജംഗ്ഷൻ - കാടമ്പള്ളി പൈപ്പ് ലൈൻ നീട്ടൽ പ്രൊജക്റ്റ് നം 16/17 | 28000 | 0 | 28000 |
| | പട്ടികജാതി കുടിവെള്ള പദ്ധതി<br>പ്രൊജക്റ്റ് നം 26 /17 | 1152000 | 0 | 1152000 |
| പി.ഡബ്ലി.യു.ഡി. | ഹോമിയോ ആശുപത്രി കെട്ടിടം ഒന്നാം നില വൈദ്യുതീകരണം | 200000 | 0 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഖ.4.1.4(2014-15)-ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,17,05,655/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,42,43,661/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,24,018 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 938506 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-3 | 99350 | | ബിന്ദുമോൾ ജോസഫ്, സെക്ഷൻ ക്ലർക്ക് |
| 2-4 | 24668 | | ശ്രീമതി.വത്സല.എസ്, സെക്ഷൻ ക്ലർക്ക് |
| ആകെ | 124018 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(1) | 441952 | ഡോ.നൈസിഖാൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-6(2) | 496554 | ഡോ.സ്മിത.ജി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 938506 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബിന്ദുമോൾ ജോസഫ് | സെക്ഷൻ ക്ലർക്ക് | റോയ് കോട്ടേജ്, കരിമുളയ്ക്കൽ, കോമല്ലൂർ.പി.ഒ. |
| 2. | ശ്രീമതി.വത്സല.എസ്. | സെക്ഷൻക്ലാർക്ക്. | ശ്രീരംഗം, തെക്കേമങ്കുഴി, പുള്ളിക്കണക്ക്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07മുതൽ<br>2009-10വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.05 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16<br>തീയതി:14-12-2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി6-988/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 22.07.2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P6-988/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 22.07.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Bharanikavu Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Bharanikavu Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha